"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽ ദാന പദ്ധതി - പരേതനായ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II രവീന്ദ്രൻ ജി-യുടെ മകൻ ശ്രീ.അനന്തു ആർ ഗോപാലിന് ക്ലർക്ക് തസ്തികയിൽ നൽകിയ നിയമനാനുമതി റദ്ദ് ചെയ്തും പകരം ആരോഗ്യ വകുപ്പിൽ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് 2 തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.329/2024/H&FWD തീയതി,തിരുവനന്തപുരം, 06-11-2024

---

പരാമർശം:-

1. സ.ഉ (അച്ച) നം.45/91/ഉഭപവ തീയതി 30.12.1991.
2. സ.ഉ (അച്ച) നം.12/99/ഉഭപവ തീയതി 24.05.1999.
3. സ.ഉ. (അച്ച) നം.33/2014/ഉ.ഭ.പ.വ തിയതി 26.09.2014.
4. സ.ഉ (കൈ) നം.5/2018/ഉ.ഭ.പ.വ തീയതി 21.02.2018.
5. സ.ഉ (കൈ) നം.12/2021/ഉ.ഭ.പി.വ തീയതി 07.06.2021.
6. സ.ഉ (കൈ) നം.189/2019/ആ.കു.വ തീയതി 17.12.2019.
7. സ.ഉ.(അ) നം.12/2023/ഉ.ഭ.പ.വ തീയതി 14.07.2023
8. 23.05.2024 തീയതിയിൽ ശ്രീ.അനന്തു ആർ.ഗോപാൽ സമർപ്പിച്ച തസ്തികമാറ്റ അപേക്ഷ.
9. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25.09.2024 തീയതിയിലെ ആ.വ.ഡ/13278/2024-ഇ.എച്ച്.4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II ആയിരിക്കവേ മരണപ്പെട്ട രവീന്ദ്രൻ ജി-യുടെ മകൻ ശ്രീ.അനന്തു ആർ ഗോപാലിന് ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനാനുമതി നൽകി പരാമർശം (6) ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ ടി അനുമതി ഉത്തരവ് റദ്ദ് ചെയ്ത് ആരോഗ്യ വകുപ്പിൽ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ്-II തസ്തികയിൽ നിയമനം നൽകുന്നതിന് പരിഗണിക്കണമെന്ന് പരാമർശം (8) പ്രകാരം ടിയാൻ അപേക്ഷിച്ചിരുന്നു.

2. ശ്രീ.അനന്തു ആർ ഗോപാലിന് ആരോഗ്യ വകുപ്പിൽ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ്-II തസ്തികയിൽ നിയമനം നൽകുന്നതിന് ഒഴിവുണ്ടോ എന്നും, ടിയാന് ടി തസ്തികയ്ക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യതയുണ്ടോ എന്നുമുള്ള കാര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞിരുന്നു. ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ്-II തസ്തിക സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നടത്താവുന്ന തസ്തികയാണെന്നും ടിയാന് ടി തസ്തികയ്ക്ക് വേണ്ട യോഗ്യത ഉള്ളതായും കൊല്ലം ജില്ലയിൽ ഒരൊഴിവ് ഉള്ളതായും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അനന്തു ആർ.ഗോപാൽ ട്രീറ്റ്മെന്റ്

ഓർഗനൈസർ ഗ്രേഡ്-II തസ്തികയ്ക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയായ സയൻസ് വിഷയത്തിൽ ഹയർ സെക്കണ്ടറി പരീക്ഷ വിജയിച്ചിട്ടുണ്ട്. 27.12.1996 ൽ ജനിച്ച അപേക്ഷകന് ഇപ്പോൾ 27 വയസ് പൂർത്തിയായിട്ടുണ്ട്. ആശ്രിതനിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനുള്ള പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകളെല്ലാം അപേക്ഷകന്റെ കാര്യത്തിൽ പാലിച്ചിട്ടുണ്ട്. ടിയാൻ തസ്തികമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്ന തീയതി 23.05.2024 ആയതിനാൽ പരാമർശം (3) ഉത്തരവ് നിഷ്കർഷിക്കും പ്രകാരം ടിയാന്റെ സാധുവായ ആപ്ലിക്കേഷൻ തീയതി 23.05.2024 ആണ്.

4. ഈ സാഹചര്യത്തിൽ, പരേതനായ രവീന്ദ്രൻ ജി-യുടെ മകൻ ശ്രീ.അനന്തു ആർ ഗോപാലിന് ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിക്കൊണ്ടുള്ള പരാമർശം (6) സർക്കാർ ഉത്തരവ് റദ്ദ് ചെയ്യും, ടിയാന് ആരോഗ്യ വകുപ്പിൽ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ്-II തസ്തികയിൽ പരാമർശം (9) പ്രകാരം റിപ്പോർട്ട് ചെയ്ത നിലവിലുള്ള ഒഴിവിൽ പരാമർശം 2,3,4 സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, അപേക്ഷ തീയതിയുടെ അടിസ്ഥാനത്തിലുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ, നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാന്റെ വയസ്സ്, യോഗ്യത, സ്വഭാവം, മുൻകാലചരിത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച ശേഷം, ചട്ടപ്രകാരമുള്ള മറ്റു നടപടികൾ പാലിച്ച് കൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ യഥാവിധി നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ സമീപകാല പാസ്പോർട്ട് സൈസ് ഫോട്ടോ നിയമനാധികാരി മുമ്പാകെ അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. നിയമന ഉത്തരവിന്റെ പകർപ്പ് നിയമനാധികാരി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. അപേക്ഷകൻ, നിയമനം ലഭിക്കുന്നത് മുതൽക്ക് പരേതനായ ജീവനക്കാരന്റെ മാതാവ്/വിധവ എന്നിവരെ അവരുടെ ജീവിതാന്ത്യം വരെയും അപേക്ഷകന്റെ അവിവാഹിതയായ സഹോദരിയെ പ്രായപൂർത്തിയാകും വരെയും സംരക്ഷിക്കേണ്ടതാണ്. ആയത് ലംഘിക്കുന്ന പക്ഷം പരാമർശം (7) ഉത്തരവിലെ 5 (x) പ്രകാരമുള്ള നടപടികൾ ടിയാനെതിരെ സ്വീകരിക്കാൻ നിയമാനാധികാരിക്ക് നിർദ്ദേശം നൽകുന്നു.

6. ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷിക്കുന്ന വ്യക്തിക്ക് നിയമനത്തിനായി സൗകര്യപ്രദമായ ജില്ല തെരഞ്ഞെടുക്കുവാൻ അർഹതയുണ്ട്.

7. അപേക്ഷകൻ സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ, ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് ബോധ്യമാവുകയോ ചെയ്താൽ ടി അനുമതി ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. ശ്രീ.അനന്തു ആർ ഗോപാലിന് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ പരേതനായ ജീവനക്കാരന്റെ സേവന പുസ്തകത്തിലും പരേതനായ ജീവനക്കാരൻ അവസാനമായി ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ചേർത്ത് ഓഫീസ് തലവൻ/വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

8. ഒരു ഉദ്യോഗസ്ഥന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ജനന തീയതിയിലെ തെറ്റു തിരുത്തുന്നത് സംബന്ധിച്ച് പരാമർശം 1 ലെ വ്യവസ്ഥകൾ നിയമനാധികാരി പുറപ്പെടുവിക്കുന്ന ശ്രീ.അനന്തു ആർ ഗോപാലിന്റെ നിയമന ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ശ്രീ.അനന്തു ആർ ഗോപാൽ, ശ്രീഹരി, വട്ടപ്പൻകാട്, പച്ച, പാലുവള്ളി പി.ഒ., തിരുവനന്തപുരം - 695

562 (രജിസ്റ്റേർഡ് തപാലിൽ).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ടിയാനെ ക്ലർക്ക് തസ്തികയുടെ സീനിയോറിറ്റി പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനും പരേതന്റെ സർവീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനും)
ജില്ലാ കളക്ടർ, കൊല്ലം/തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/കൊല്ലം.
പൊതുഭരണ (സർവീസസ് -ഡി) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (C2/36/2024-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 07-11-2024 12:13:29
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.